ഉത്തരം

(എ) ഈ പദ്ധതിയിൻ കീഴിൽ സ്കൂളുകൾ ആരംഭിക്കുന്നതിലേയ്ക്കായി 20 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ അപേക്ഷകളിൽ സംസ്ഥാനതല ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി ശുപാർശ ചെയ്ത അനുയോജ്യമായ 8 അപേക്ഷകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) പരിഗണനാർഹമായ അപേക്ഷകൾ ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) സ്കൂളുകൾ തുടങ്ങുവാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

(ജി) കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ ഇതുവരെ ഫണ്ട് ഒന്നും അനുവദിച്ചിട്ടില്ല.

പുതിയ സ്കൂളുകൾ അനുവദിക്കുന്നതിന് നടപടി

89 (630) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി വിദ്യാലയങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതിയ സ്കൂളുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) 8 കി. മീ: ദൂരത്തിനിടയിൽ സ്കൂളുകൾ ഇല്ലാത്ത വണ്ടൂരിലെ കരുവാരക്കുണ്ട് പഞ്ചായത്തിലെ പാന്തറ പ്രദേശത്ത് സ്കൂൾ അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രൈമറി സ്കൂൾ പുതുതായി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഇതു സംബന്ധിച്ച് നയപരമായ തീരുമാനങ്ങളൊന്നും സർക്കാർ കൈക്കൊണ്ടിട്ടില്ല.

(സി) മൂന്ന്.

എൽ.പി./യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

90 (631) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഏതെങ്കിലും എൽ.പി./യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സ്കൂളുകൾ തുടങ്ങുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് നയപരമായ തീരുമാനങ്ങളൊന്നും സർക്കാർ കൈക്കൊണ്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അദ്ധ്യാപകരുടെ അടിസ്ഥാന യോഗ്യത

91 (632) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിദ്യാലയങ്ങളിൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിൽ അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതകൾ വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും ഭേദഗതി കൊണ്ടു വരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ മാസം 24 -ന് പ്രൈമറി അദ്ധ്യാപക നിയമനത്തിന് പി.എസ്.സി. നടത്തുന്ന പരീക്ഷയിൽ ബി.എഡ്. ബിരുദക്കാരെ ഒഴിവാക്കിയിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് തന്നെയുള്ള കേന്ദ്ര സ്കൂളുകളിലും മറ്റും ലോവർ പ്രൈമറി വിഭാഗത്തിന് പ്രീഡിഗ്രിയും ടി.ടി.സി.യും അപ്പർ പ്രൈമറി വിഭാഗത്തിന് ബിരുദവും ബി.എഡും ആണോ അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന യോഗ്യത ;

(ഇ) സംസ്ഥാനത്തെ സ്കൂളുകളിൽ 7-ാം ക്ലാസ്സുവരെ പഠിപ്പിക്കുവാൻ എസ്.എസ്.എൽ.സി.യും, ടി.ടി.സിയും യോഗ്യതയുള്ളവർക്ക് മാത്രമാക്കി സംവരണം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത സംബന്ധിച്ച് സർക്കാരിന്റെ തീരുമാനം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി. പരീക്ഷാ വിജയമോ തത്തുല്യ യോഗ്യതയോടൊപ്പം ടി.ടി.സി. പരീക്ഷാ വിജയമോ തത്തുല്യ യോഗ്യതയോ ആണ് സംസ്ഥാനത്തെ ലോവർ പ്രൈമറി അപ്പർ പ്രൈമറി അദ്ധ്യാപകരുടെ അടിസ്ഥാന യോഗ്യത. ഓരോ വിഷയത്തിലും ഹൈസ്കൂൾ അദ്ധ്യാപകർക്ക് വേണ്ട അടിസ്ഥാന യോഗ്യത അതാത് വിഷയത്തിലെ ബിരുദവും ബി.എഡ്. ബിരുദവുമാണ്.

LIBRARY ARCHIVES Kerala Legislative Assembly